LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി അനുവദിച്ച ഐ.ടി.ഐ.-കൾ

76 (1039) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് മേഖലയിൽ എത്ര പുതിയ ഐ.ടി.ഐ.കൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര സീറ്റുകളാണ് അധികമായി വർദ്ധിപ്പിച്ചിട്ടുള്ളത് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റ് ഐ.ടി.ഐ. കളിൽ എത്ര സീറ്റുകൾ അധികമായി അനുവദിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 38 പുതിയ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു. ഇതിനുപുറമേ 2011-12 വർഷത്തേക്കു 10 ഐ.ടി.ഐ.-കൾ കൂടി അനുവദിച്ചിട്ടുണ്ട്:

2008-09-ൽ അനുവദിച്ചത്:

1. ഐ.ടി.ഐ. ഇളമാട്, കൊല്ലം
2. ഐ.ടി.ഐ. മെഴുവേലി, പത്തനംതിട്ട
3. ഐ.ടി.ഐ. രാജാക്കാട്, ഇടുക്കി
4. ഐ.ടി.ഐ. പുറക്കാട്, ആലപ്പുഴ
5. ഐ.ടി.ഐ. മുളക്കുളം, കോട്ടയം
6. ഐ.ടി.ഐ. ചേലക്കര, തൃശ്ശൂർ
7. ഐ.ടി.ഐ. ഏനിയാട്, തൃശ്ശൂർ
8. ഐ.ടി.ഐ. മാറാഞ്ചേരി, മലപ്പുറം
9. ഐ.ടി.ഐ. ബേപ്പൂർ, കോഴിക്കോട്
10. ഐ.ടി.ഐ. നെന്മേനി, വയനാട്
11. ഐ.ടി.ഐ. മാടായി, കണ്ണൂർ
12. ഐ.ടി.ഐ. വളയം, കോഴിക്കോട്
13. ഐ.ടി.ഐ. പുല്ലൂർ-ഉദുമ, കാസർഗോഡ്

2009-10-ൽ അനുവദിച്ചത്:

1. ഐ.ടി.ഐ. പാറശ്ശാല, തിരുവനന്തപുരം
2. ഐ.ടി.ഐ. കായംകുളം, ആലപ്പുഴ
3. ഐ.ടി.ഐ. തിരുവാർപ്പ്, കോട്ടയം
4. ഐ.ടി.ഐ. ആരക്കുഴ, എറണാകുളം
5. ഐ.ടി.ഐ. മണീട്, എറണാകുളം
6. ഐ.ടി.ഐ. വാണിയംകുളം, പാലക്കാട്
7. ഐ.ടി.ഐ. പുഴക്കാട്ടിരി, മലപ്പുറം
8. ഐ.ടി.ഐ. പേരാവൂർ, കണ്ണൂർ
9. ഐ.ടി.ഐ. കുറുമാത്തൂർ, കണ്ണൂർ
10. ഐ.ടി.ഐ. മടിക്കൈ, കാസർഗോഡ്

2010-11-ൽ അനുവദിച്ചത്:

1. ഐ.ടി.ഐ. മലയിൻകീഴ്, തിരുവനന്തപുരം
2. ഐ.ടി.ഐ. തേവലക്കര, കൊല്ലം
3. ഐ.ടി.ഐ. റാന്നി, പത്തനംതിട്ട
4. ഐ.ടി.ഐ. വയലാർ, ആലപ്പുഴ
5. ഐ.ടി.ഐ. മരട്, എറണാകുളം
6. ഐ.ടി.ഐ. വേങ്ങൂർ, എറണാകുളം
7. ഐ.ടി.ഐ. മണലൂർ, തൃശ്ശൂർ
8. ഐ.ടി.ഐ. താന്ന്യം, തൃശ്ശൂർ
9. ഐ.ടി.ഐ. കൊല്ലങ്കോട്, പാലക്കാട്
10. ഐ.ടി.ഐ. ചെറിയമുണ്ടം, മലപ്പുറം
11. ഐ.ടി.ഐ. മണിയൂർ, കോഴിക്കോട്
12. ഐ.ടി.ഐ. തിരുവമ്പാടി, കോഴിക്കോട്
13. ഐ.ടി.ഐ. വടകര, കോഴിക്കോട്
14. ഐ.ടി.ഐ. പെരിങ്ങോം-വയക്കര, കണ്ണൂർ
15. ഐ.ടി.ഐ. സീതാംഗോളി, കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച ഐ.ടി.ഐ.-കളിലും നിലവാരം ഉയർത്തിയ ഐ.ടി.ഐ.-കളിലും പുതുതായി അനുവദിച്ച ഐ.ടി.സി.-കളിലുമായി ആകെ 23197 സീറ്റുകൾ അധികമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ആകെ 4846 സീറ്റുകളാണ് അനുവദിച്ചത്.

ഐ.ടി.സി. ജീവനക്കാർക്ക് പെൻഷനും ക്ഷേമനിധിയും

77 (T1040)ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത ഐ.ടി.സി.-കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; ഐ.ടി.സി.-കളിൽ സർക്കാർ അംഗീകാരമില്ലാത്ത ഹ്രസ്വകാല കോഴ്സുകൾ വ്യാജ പരസ്യം നൽകി അമിത ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ടി.സി.-കളിൽ ഓരോ കോഴ്സിനും വിവിധ സ്ഥലങ്ങളിൽ ഏകീകൃതമല്ലാത്ത ഫീസ് ഈടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏകീകൃത ഫീസ് ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്നവർക്ക് യോഗ്യതാമാനദണ്ഡങ്ങൾ ഉണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ; ഐ. ടി. സികളിൽ യോഗ്യതയില്ലാത്തവർ പഠിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവർക്ക് ഹാജർ ബുക്ക് വയ്ക്കുകയും അവർക്ക് ആവശ്യമായ സേവന വേതന വ്യവസ്ഥകൾ നൽകുകയും ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ അത് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ; സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ചിട്ടുള്ളത് നടപ്പാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമോ ;

(ഇ) ഐ.ടി.സി.-കളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരം ലഭിച്ച ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം പ്രകാരമുള്ള ട്രേഡുകളിൽ പരിശീലനം നൽകുന്ന, 451 അംഗീകൃത സ്വകാര്യ ഐ.ടി.സി.-കൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 44 അംഗീകൃത ഐ.ടി.സി.-കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 3 അംഗീകൃത ഐ.ടി.സി.-കളും നിലവിലുണ്ട്. ഐ.ടി.സി.-കളിൽ ഗവൺമെന്റ് അംഗീകാരമില്ലാത്ത ഹ്രസ്വകാല കോഴ്സുകൾക്ക് വ്യാജ പരസ്യം നൽകി അമിത ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly